# 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1354** **12-02-2025 - ൽ മറുപടിയ്ക്ക്**

**എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പുകൾ യഥാസമയം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (എ) | പൊതുവിദ്യാഭ്യാസ വകുപ്പ് മുഖാന്തിരം നൽകി വരുന്ന എൽ.എസ്.എസ്/യു.എസ്.എസ് സ്കോളർഷിപ്പ് കുടിശ്ശിക തീർക്കുന്നതിനായി 30.47 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എൽ.എസ്.എസ്/യു.എസ്.എസ് സ്കോളർഷിപ്പ് വിതരണവുമായി ബന്ധപ്പെട്ട നടപടികൾ ക്രമപ്പെടുത്തുന്നതിലേക്കായി 2017-18 സാമ്പത്തിക വർഷം മുതൽ 2022-23 വർഷം വരെയുള്ള കാലയളവിലെ സ്കോളർഷിപ്പിന് അർഹരായ 181742 കുട്ടികളുടെ (ഫ്രഷ്/റിന്യൂവൽ വിഭാഗത്തിൽ) വിവരങ്ങൾ പരീക്ഷാഭവൻ മുഖാന്തരം വികസിപ്പിച്ച ഒരു ഓൺലൈൻ പോർട്ടൽ വഴി സ്കൂൾ തലത്തിൽ നിന്നും നേരിട്ട് കുടിശ്ശിക ഉള്ള കുട്ടികളുടെ വിവരങ്ങൾ ശേഖരിച്ചിരുന്നു. പോർട്ടൽ മുഖാന്തരം സ്കൂൾ തലത്തിൽ നിന്നും രേഖപ്പെടുത്തിവന്ന 137292 കുട്ടികളുടെ വിവരങ്ങൾ പരിശോധിച്ചതിൽ സ്കോളർഷിപ്പ് തുക കുടിശ്ശികയുള്ള 112572 കുട്ടികൾക്ക് (ഫ്രഷ്/റിന്യൂവൽ-1/റിന്യൂവൽ-2 ഇനത്തിൽ) നിലവിൽ 29.71 കോടി രൂപ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ കാര്യാലയം മുഖാന്തരം കുട്ടികളുടെ ഡി.ബി.റ്റി അക്കൗണ്ട് വഴി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ